പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --5779 27.10.2011- ലെ മറുപടിക്ക്

# പൈതൃക ഗ്രാമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസി മലയാളികൾക്കുവേണ്ടി പൈതൃക ഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) പ്രവാസി മലയാളികൾക്കുവേണ്ടി പൈതൃക ഗ്രാമം സ്ഥാപിക്കുന്നകാര്യം ആലോചനയിലുണ്ട്. |
| (ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (ബി) ഇതിനുവേണ്ടി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിന് "ഭൂമി ഏറ്റെടുക്കൽ നിയമ" പ്രകാരം സാധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഗ്രാമത്തിന്റെ വിസ്തൃതി എത്രയാണ്; | (സി) ഇപ്പോൾ കണ്ടെത്തിയ സ്ഥലത്തിന്റെ വിസ്തൃതി 337 ഏക്കർ ആണ്. |

(ഡി) പ്രസ്തുത ഗ്രാമത്തിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(ഡി) പ്രവാസി കേരളീയർക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി ഗ്രാമത്തിൽ തന്നെ ഒരു നഗരത്തിന്റെ എല്ലാ സൗ കര്യങ്ങളും ലഭ്യമാക്കിക്കൊണ്ടും കേരളത്തനിമയും കേരള സംസ്കാരവും നിലനിർത്തിക്കൊണ്ടും സ്വയംപര്യാപ്തമായ ഒരു ടൗ ൺഷിപ്പെന്നനിലയിലാണ് ഹെറിറ്റേജ് വില്ലേജ് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. കേരള ചരിത്രം/സംസ്കാരം പ്രദർശിപ്പിക്കുന്ന മ്യൂസിയം, കേരളത്തിലെ ഉത്സവങ്ങളെയും, കലാരൂപങ്ങളെയും പ്രതിഫലിപ്പിക്കുന്ന കേന്ദ്രങ്ങൾ കേരളത്തനിമയുള്ള ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങളും /ഭക്ഷണശാലകളും, കളരി/ യോഗ സ്കൂളുകൾ, ഗുരുകുലം മാതൃകയിലുള്ള അന്താരാഷ്ട്ര വിദ്യാലയം, ആയുർവ്വേദശാല, വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനായി ഹെറിറ്റേജ് ഹോമുകളും, പരമ്പരാഗത രീതിയിലുള്ള കൺവെൻഷൻ സെന്ററുകളും, ഫ്ലാറ്റ്/ വില്ലകൾ, പാർക്കുകൾ എന്നിവ ഉൾപ്പെടുന്നതാണ് ഗ്രാമം.

(ഇ) പ്രസ്തുത ഗ്രാമം എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന വെളിപ്പെടുത്തുമോ?

(ഇ) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിന് കീഴിലുള്ള ഇടവ, അയിരൂർ വില്ലേജുകളിലാണ് പ്രസ്തുത ഗ്രാമം സ്ഥാപിക്കാൻ ആലോചിക്കുന്നത്.

സെക്ഷൻ ഓഫീസർ